REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 04-01-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും.
- കണ്ണൂർ അഞ്ചരക്കണ്ടിയിൽ സംസ്ഥാനതല രജിസ്ട്രേഷൻ ദിനാചരണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.
- പുനർജനി വിഷയത്തിലെ CBI അന്വേഷണം നിയമപരമായി നിലനിൽക്കില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.
- രണ്ടു ദിവസത്തെ KPCC നേതൃ ക്യാമ്പ് - ലക്ഷ്യയ്ക്ക് വയനാട്ടിൽ തുടക്കമായി.
- മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതർക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ ഉയരുന്ന ടൗൺഷിപ്പിൽ 237 സ്വപ്ന ഭവനങ്ങളുടെ വാർപ്പ് പൂർത്തിയായി.

## വാർത്തകൾ വിശദമായി

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും. ഈ ഗവൺമെന്റിന്റെ കാലത്തെ അവസാന സഭാ സമ്മേളനമാണ് ചേരുന്നത്. ഈ മാസം 29 നാണ് ബജറ്റ്.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്....

........(വോയ്സ്).......

✪✪✪

ഗവണ്മെന്റിന്റെ കർക്കശ സമീപനമാണ് സംസ്ഥാനത്ത് അഴിമതി ഒരളവോളം തുടച്ചു നീക്കാൻ സഹായിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കണ്ണൂർ അഞ്ചരക്കണ്ടിയിൽ സംസ്ഥാനതല രജിസ്ട്രേഷൻ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

അഴിമതി ഇല്ലാത്ത സേവനത്തിലൂടെ മാത്രമേ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാവൂ എന്നും മുഖ്യമന്ത്രി പറഞ്ഞു. അഴിമതി ഗവണ്മെന്റ് അംഗീകരിക്കില്ല എന്ന വ്യക്തമായ സന്ദേശം നൽകിയതിലൂടെ രജിസ്ട്രേഷൻ വകുപ്പിൽ സുതാര്യതയും വേഗവും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിഞ്ഞു. രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണത്തിന്റെ പാതയിലാണെന്നും രാജ്യത്തിന് തന്നെ ഇത് മാതൃകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.രജിസ്ട്രേഷൻ അവാർഡുകളും മുഖ്യമന്ത്രി സമ്മാനിച്ചു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടിയിൽ അഗ്നി ശമന സേനയുടെ Fire & safety science, post graduate & research centre ന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു. ബംഗ്ലാവ്മെട്ട യിലാണ് കേന്ദ്രം സ്ഥാപിക്കുന്നത്. അഗ്നിരക്ഷാ ശാസ്ത്ര മേഖലയിൽ തൊഴിലധിഷ്ഠിത പഠനത്തിനും, ഗവേഷണത്തിനും അവസരം നൽകാനും, സ്റ്റാർട്ടപ്പ് വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാനുമാണ് കേന്ദ്രം സ്ഥാപിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ സീറ്റ് വിഭജന ചർച്ചയ്ക്കായി മുന്നണികൾ ഒരുക്കങ്ങൾ തുടങ്ങി. ഈ മാസം 20 നകം സീറ്റ് വിഭജനം പൂർത്തിയാക്കുമെന്ന് കോൺഗ്രസ് നേതൃത്വം ഘടക കക്ഷികളെ അറിയിച്ചു. നിയമസഭാ തിരഞ്ഞെടുപ്പ് തന്ത്രങ്ങൾക്ക് അന്തിമ രൂപം നൽകുന്ന വയനാട്ടിലെ 'ലക്ഷ്യ' ക്യാമ്പിൽ സീറ്റ് വിഭജനം സംബന്ധിച്ച് ചർച്ചയും ഉണ്ടാകും. ഈ മാസം 20 ന് ശേഷം ഘടക കക്ഷികൾ സ്ഥാനാർത്ഥി നിർണയത്തിലേക്ക് കടക്കണമെന്നാണ് KPCC യുടെ നിർദ്ദേശം. മുല്ലപ്പള്ളി രാമചന്ദ്രനടക്കം ചില മുതിർന്ന നേതാക്കൾ മത്സരിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. അതേസമയം, പുതു മുഖങ്ങൾക്ക് കൂടുതൽ അവസരം നൽകണമെന്നാണ് പ്രതിപക്ഷ നേതാവ് VD സതീശന്റെ അഭിപ്രായം.

നിയമസഭാ തിരഞ്ഞെടുപ്പിൽ മുസ്ലീംലീഗിന് കൂടുതൽ സീറ്റ് വേണമെന്ന അണികളുടെ ആവശ്യം പാർട്ടി നേതൃത്വം UDF ൽ ഉന്നയിക്കുമെന്ന് ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. ഇക്കാര്യവും കോൺഗ്രസ് നേതൃത്വം ചർച്ചയ്ക്ക് വിധേയമാക്കുമെന്നാണ് കരുതുന്നത്.

**CPIM നേതൃത്വവും വരുംദിവസങ്ങളിൽ സീറ്റ് വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ നിലപാട് സ്വീകരിക്കാൻ യോഗങ്ങൾ ചേരും. ജില്ലാ കമ്മിറ്റികളുടെ ചർച്ചയും അഭിപ്രായവും കൂടി പരിഗണിച്ചായിരിക്കും സംസ്ഥാന നേതൃത്വം സീറ്റ് വിഭജന കാര്യത്തിൽ തീരുമാനമെടുക്കുക. ഒന്നിൽ കൂടുതൽ തവണ മത്സരിച്ച നേതാക്കൾ വീണ്ടും മത്സരിക്കുന്ന കാര്യത്തിൽ പാർട്ടിയുടെ കേന്ദ്ര നേതൃത്വത്തിന്റെ നിർദ്ദേശം കൂടി കണക്കിലെടുത്താവും തീരുമാനം. LDF ലെ ഘടക കക്ഷികളും സീറ്റ് സംബന്ധിച്ച അനൗപചാരിക ചർച്ചകൾക്കും, കൂടിയാലോചനകൾക്കും തുടക്കമിട്ടിട്ടുണ്ട്.**

**കേന്ദ്രമന്ത്രിയും, മുതിർന്ന BJP നേതാവുമായ അമിത്ഷാ പാർട്ടി നേതൃയോഗത്തിൽ പങ്കെടുക്കാൻ ഈ മാസം 11 ന് തിരുവനന്തപുരത്തെത്തുന്നുണ്ട്. അപ്പോഴേക്കും, NDA മുന്നണിയിലെ സീറ്റ് വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പാർട്ടി നേതൃത്വം ഏകദേശ ധാരണയിലെത്തും. നേതൃയോഗത്തിന്റെ ചർച്ചയ്ക്കൊടുവിലായിരിക്കും സീറ്റ് വിഭജനകാര്യത്തിലെ തീരുമാനങ്ങൾ.**

**✪✪✪**

**സ്ഥാനാർത്ഥി നിർണയത്തിൽ വിജയ സാധ്യതയാണ് UDF പരിഗണിക്കുന്നത് എന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ബത്തേരി 'ലക്ഷ്യ' നേതൃ ക്യാമ്പിൽ നിയമസഭാ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ ചർച്ചയാകുമെന്ന് അദ്ദേഹം കോഴിക്കോട്ട് അറിയിച്ചു. ലീഗ് അടക്കം കക്ഷികളുമായി ക്യാമ്പിന് ശേഷം സീറ്റ് വിഭജനം സംബന്ധിച്ച് ചർച്ച ചെയ്യും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 53 ശതമാനം യുവാക്കളെയും സ്ത്രീകളെയും പാർട്ടി പരിഗണിച്ചിരുന്നു. യുവാക്കളെ പരിഗണിക്കുന്നു എന്നതിനർത്ഥം മുതിർന്ന ആളുകളെ മാറ്റി നിർത്തുന്നു എന്നല്ലെന്നും രമേശ് ചെന്നിത്തല പറഞ്ഞു.**

**✪✪✪**

**കോട്ടയത്തെ പാലാ സീറ്റ് ആർക്കും വിട്ടുകൊടുക്കില്ലെന്നും അവിടെ പ്രചാരണം തുടങ്ങിയെന്നും നാഷണലിസ്റ്റ് കേരള കോൺഗ്രസ് നേതാവ് മാണി C കാപ്പൻ പറഞ്ഞു. കേരളാ കോൺഗ്രസ് M നെ UDF ൽ കൊണ്ടു വരാൻ ചർച്ചകളൊന്നും നടന്നിട്ടില്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. പാലായിൽ UDF സ്ഥാനാർത്ഥി താൻ തന്നെയായിരിക്കുമെന്നും മാണി C കാപ്പൻ വ്യക്തമാക്കി.**

**✪✪✪**

**പുനർജനി വിഷയത്തിലെ അന്വേഷണത്തിന് നിയമപരമായി നിലനിൽപ്പില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ സുൽത്താൻ ബത്തേരിയിൽ പറഞ്ഞു. കേസിനെ നിയമത്തിന്റെ മാർഗത്തിലും, രാഷ്ട്രീയമായും നേരിടും. തിരഞ്ഞെടുപ്പ് അടുത്തപ്പോൾ മനഃപ്പൂർവ്വമാണ്**

അന്വേഷണം കൊണ്ടു വരുന്നതെന്നും, CBI അന്വേഷണം ഉണ്ടായാലും നേരിടാൻ തയ്യാറാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

KPCC നേതൃക്യാമ്പ് ആരംഭിക്കുന്ന ദിവസം തന്നെ അന്വേഷണത്തിന്റെ വിജിലൻസ് ശുപാർശ പുറത്തുവിട്ടത് തന്നെ രാഷ്ട്രീയ തന്ത്രത്തിന്റെ ഭാഗമാണെന്ന് സതീശൻ അഭിപ്രായപ്പെട്ടു. വർഷങ്ങൾക്കു മുമ്പു തന്നെ അന്വേഷണം നടത്തിയെങ്കിലും ഒന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും സതീശൻ വ്യക്തമാക്കി.

✪✪✪

പുനർജനി വിഷയത്തിൽ പ്രതിപക്ഷ നേതാവിനെതിരെ അന്വഷണം നടത്താൻ ഗവണ്മെന്റ് നടത്തുന്ന നീക്കം രാഷ്ട്രീയ പ്രേരിതമാണെന്ന് KPCC വർക്കിംഗ് പ്രസിഡന്റ്  ഷാഫി പറമ്പിൽ MP പറഞ്ഞു. തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഇലക്ഷൻ സ്റ്റണ്ടാണ് ഗവണ്മെന്റിന്റെതെന്നും അദ്ദേഹം പറഞ്ഞു. തിരഞ്ഞെടുപ്പ്  അടുക്കുമ്പോൾ മറ്റൊന്നും പറയാൻ ഇല്ലാത്തതു കൊണ്ടാണ് പുനർജനി വിഷയം ഉയർത്തുന്നതെന്നും, പരാജയ ഭീതിയാണ് ഇതിനു പിന്നിലെന്നും ഷാഫി പറമ്പിൽ  പറഞ്ഞു.

✪✪✪

രണ്ടു ദിവസത്തെ KPCC നേതൃ ക്യാമ്പ്, ലക്ഷ്യയ്ക്ക് വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ തുടക്കമായി. AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. തദ്ദേശ തെരഞ്ഞെടുപ്പ് ഫലവും  നിയമസഭാ തിരഞ്ഞെടുപ്പുമാണ്  ക്യാമ്പിന്റെ മുഖ്യ അജണ്ട.

✪✪✪

മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതർക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ ഉയരുന്ന ടൗൺഷിപ്പിൽ 237 സ്വപ്ന ഭവനങ്ങളുടെ വാർപ്പ് പൂർത്തിയായി. അഞ്ച് സോണുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ് ....

.......(വോയ്സ് ).....

✪✪✪

അധ്യാപക നിയമനത്തിനും പ്രൊമോഷനും K - ടെറ്റ്  നിർബന്ധമാക്കിയ വിധിക്കെതിരെ സംസ്ഥാന ഗവൺമെന്റ് സുപ്രീംകോടതിയിൽ റിവ്യൂ ഹർജി ഫയൽ ചെയ്തതായി  മന്ത്രി V ശിവൻകുട്ടി അറിയിച്ചു.  സംസ്ഥാന വിദ്യാഭ്യാസ മേഖലയുടെ പ്രത്യേകതകളും, അധ്യാപകരുടെ പ്രായോഗിക

ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് വിധി പുനഃപരിശോധിക്കണം എന്നാവശ്യപ്പെട്ടാണ് ഹർജി.

✪✪✪

ഈ മാസം 11-ന് ആരംഭിക്കുന്ന ഇന്ത്യ - ന്യൂസിലൻഡ്, മൂന്ന് ഏകദിന മത്സര പരമ്പരയ്ക്ക് ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ശുഭ്മാൻ ഗിൽ ആണ് ക്യാപ്റ്റൻ. ശ്രേയസ് അയ്യർ വൈസ് ക്യാപ്റ്റനാകും. വിരാട് കോഹ്‌ലിയും രോഹിത് ശർമ്മയും K.L.രാഹുലും ടീമിലുണ്ട്.

✪✪✪

കണ്ണൂർ പൈതൃകോത്സവത്തിന്റെ ഭാഗമായ പൈതൃക നടത്തം സംഘടിപ്പിച്ചു. രാവിലെ അറയ്ക്കലിൽ നിന്ന് ആരംഭിച്ച യാത്ര, മഹാത്മാ മന്ദിരത്തിൽ സമാപിച്ചു.

✪✪✪

തൃശ്ശൂർ റെയിൽവേ സ്റ്റേഷനിലെ ബൈക്ക് പാർക്കിംഗ് ഏരിയയിൽ രാവിലെ വൻ തീപിടുത്തമുണ്ടായി. നൂറു കണക്കിന് ബൈക്കുകൾ കത്തി നശിച്ചു.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്....

....(വോയ്സ്)......

✪✪✪

സംസ്ഥാനത്തെ നെല്ല് സംഭരണ വിഷയത്തിൽ നാളെ മില്ലുടമകളുമായി കൊച്ചിയിൽ ചർച്ച നടത്തുമെന്ന് മന്ത്രി G.R.അനിൽ പറഞ്ഞു. സംസ്ഥാനത്ത് ഒന്നാം വിള നെല്ല് സംഭരണം ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. 36,311 കർഷകരിൽ നിന്ന് 91,280 ടൺ നെല്ലാണ് ഇതുവരെ സംഭരിച്ചത്. 2017-18 മുതൽ ആകെ 1,344 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കാനുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

കൊച്ചിൻ cancer & research സെന്ററിന്റെ ആദ്യഘട്ടം ഈ മാസം തന്നെ ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. കിഫ്ബി വഴി 384 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആശുപത്രിയുടെ, ആദ്യഘട്ടത്തിൽ നൂറ് കിടക്കകൾ സജ്ജീകരിക്കുമെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. റൊബോട്ടിക്സ് സർജറിയും, ഫോട്ടോൺ തെറാപ്പിയും ഉൾപ്പെടെ ആശുപത്രിയിൽ ഉണ്ടാവുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശന പരീക്ഷ - കീമിന് നാളെ മുതൽ അപേക്ഷിക്കാം. പ്രവേശന പരിക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഈ മാസം 31 ന് വൈകിട്ട് അഞ്ചു വരെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഏപ്രിൽ ആദ്യവാരമായിരിക്കും പരീക്ഷ.

✪✪✪

ഇന്ന് ലോക ബ്രെയിൽ ദിനം. കാഴ്ചാ വൈകല്യം നേരിടുന്നവരുടെ ആശയ വിനിമയ മാർഗമെന്ന നിലയിൽ ബ്രെയിൽ ലിപിയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്താനാണ് ബ്രെയിൽ ദിനം ആചരിക്കുന്നത്.

എറണാകുളത്ത് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് കാക്കനാട് പ്രിയദർശിനി ഹാളിൽ കുടുംബ സംഗമവും, കലാ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. അന്ധക്ഷേമ പക്ഷാചരണവും ചടങ്ങിൽ ഉദ്ഘാടനം ചെയ്യും.

KFB യുടെ 56-ാം സംസ്ഥാന സമ്മേളനം ഈ മാസം 10, 11 തിയതികളിൽ കോഴിക്കോട് മീഞ്ചന്ത ആർട്സ് & സയൻസ് കോളജിൽ നടത്തും. MK രാഘവൻ MP ഉദ്ഘാടനം ചെയ്യും.

✪✪✪

പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവത്തിന് ഈ മാസം 25 ന് തൃശൂരിൽ തുടക്കമാകും. 10 വിദേശ നാടകങ്ങളും 14 ഇന്ത്യൻ നാടകങ്ങളും ഉൾപ്പെടെ 24 നാടകങ്ങളാണ് ഇത്തവണ വേദിയിൽ അരങ്ങേറുന്നത്. ഫെബ്രുവരി ഒന്നിന് സമാപിക്കും.

✪✪✪

ശബരിമലയിൽ മകരവിളക്കിന് പത്ത് ദിവസം ശേഷിക്കേ ഭക്തജന തിരക്ക് തുടരുന്നു. മണിക്കൂറുകൾ ക്യൂ നിന്നാൽ മാത്രമേ ഭക്തർക്ക് ദർശനം നടത്താനാവൂ. നിലയ്ക്കൽ മുതൽ നിയന്ത്രണങ്ങളോടെയാണ് ഭക്തരെ കയറ്റിവിടുന്നത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ, മണികണ്ഠൻ*
*DEO : ഷീബ*